# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 4411

മറുപടിക്ക് 21/03/2018ൽ

## ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ

ചോദ്യം

മറുപടി

ശ്രീ.റോജി എം. ജോൺ

പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്താൻ ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെ കൊടുക്കുന്ന പദ്ധതികൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.<br>(1) ഇന്റലിജൻസ്, സെക്യൂരിറ്റി, ഇന്റേണൽ സെക്യൂരിറ്റി വിഭാഗങ്ങളുടെ നവീകരണത്തിന് ആവശ്യമായ നൂതന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>(2) സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന് കീഴിലുള്ള സ്റ്റേറ്റ് പോലീസ് മോണിറ്ററിംഗ് റൂം ആധുനികവൽക്കരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവര ശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | (3) എല്ലാ വിഭാഗം ജീവനക്കാർക്കും തൊഴിൽ പരിശീലനം നൽകുന്നതിനാവശ്യമായ ദീർഘകാല പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>(4) അടിസ്ഥാന സൗകര്യവികസന ത്തിനായി ഒരു ഇന്റലിജൻസ് ടവർ, 3 റേഞ്ച് ഓഫീസുകൾ, 1 ജില്ലാ ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>(5) ഇന്റലിജൻസ് സംബന്ധമായ കാര്യങ്ങൾക്കായി CRISP എന്ന പേരിൽ വെബ് അധിഷ്ഠിത കമ്പ്യൂട്ടർ പ്രോഗ്രാം നടപ്പിലാക്കി വരുന്നു.<br>( 6 ) സാമൂഹ്യ മാധ്യമങ്ങളുടെ പ്രവർത്തന ങ്ങളെക്കുറിച്ച് അപഗ്രഥനം നടത്തുന്നതിനായി ഇന്റേണൽ സെക്യൂരിറ്റി വിഭാഗത്തിന് കീഴിൽ സോഷ്യൽ മീഡിയ ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>(7) സെക്യൂരിറ്റി വിഭാഗത്തിന് കീഴിലുള്ള ബി.ഡി.ഡി.എസ് യൂണിറ്റിൽ ഉപകരണങ്ങളും സംവിധാനങ്ങളും വാങ്ങി ആധുനികവൽക്കരിക്കുന്നതിന് വേണ്ടി യുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്താൻ 2017- | (ബി) | പോലീസ് സേനയുടെ ആധുനികവൽ ക്കരണവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ |

| | | | |
|---|---|---|---|
| | 18 സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ നിന്നും ഒരു രൂപ പോലും ചെലവഴിക്കാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ? | | വാങ്ങുന്നതും മറ്റും മുൻകാലങ്ങളിൽ പോലീസ് ആസ്ഥാനത്ത് നിന്നായിരുന്നു. എന്നാൽ നിലവിൽ ഈ രീതിക്ക് മാറ്റം വരികയും ബന്ധപ്പെട്ട യൂണിറ്റിൽ തന്നെ സാധനങ്ങൾ വാങ്ങുന്നതിനുള്ള സംവിധാനം നിലവിൽ വരികയുമുണ്ടായി; ആയതിനെത്തുടർന്ന് ഉപകരണങ്ങളുടെ ആവശ്യകത വിലയിരുത്തുന്നതിനുള്ള കാലതാമസം, ഇ-ടെൻഡറിംഗ് നടപടിയിൽ ഉണ്ടായ കാലതാമസം എന്നിവ മൂലമാണ് 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്ന് ചെലവാക്കുവാൻ സാധിക്കാതി രുന്നത്. ഇപ്പോൾ ഇ-ടെൻഡറിംഗ് നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.